# അമൃതപുരി ആത്മഹർഷത്തിൽ

മാനസസരസിൽ ഒഴുകിയെത്തുന്ന രാജഹംസത്തെപ്പോലെ ഭക്തജനസഹസ്രങ്ങളിൽ പുളകത്തിന്റെ ചിറ്റോളങ്ങളിളക്കിക്കൊണ്ട് രാവിലെ ഒൻപതു മണിയ്ക്ക് അമ്മ വേദിയിലേക്ക് കടന്നു വന്നു. സമസ്തശോകാപഹയായ അമ്മയുടെ ശ്രീചരണങ്ങളിൽ സ്വാമി അമൃതസ്വരൂപാനന്ദ പുരി നടത്തിയ പുഷ്പാർച്ചനയെ തുടർന്ന് സന്യാസി ശിഷ്യന്മാരും മാതാപിതാക്കളുമുൾപ്പെട്ട വിശിഷ്ട വ്യക്തികൾ ഹാരാർപ്പണം നടത്തിയും നാട്ടുകാർ പൂർണ്ണകുംഭം നൽകിയും അമ്മയെ സമാദരിച്ചു.

അമൃതാ കംപ്യൂട്ടർ ഇൻസ്റ്റിട്യൂട്ടിലെ എഴുപത്തിയഞ്ച് വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ നേത്രദാനത്തിനുള്ള പ്രതിജ്ഞാപത്രം അമ്മയ്ക്ക് സമർപ്പിച്ചുകൊണ്ട് ത്യാഗത്തിന്റെ ദിനത്തെ ചരിതാർത്ഥമാക്കി. റവന്യൂ മന്ത്രി ശ്രീ.കെ.എം.മാണി കാൽലക്ഷം ഭവനദാനപദ്ധതിയുടെ സമാപനം കുറിച്ചുകൊണ്ട് അയ്യായിരം വീടുകളുടെ താക്കോൽദാനം നിർവ്വഹിച്ചു. അടുത്ത പത്തു വർഷത്തിനുള്ളിൽ തുടർന്നും ഒരു ലക്ഷം ഭവനങ്ങൾ പാവങ്ങൾക്ക് നിർമ്മിച്ചു നൽകാനുള്ള തീരുമാനം അമ്മ അറിയിക്കുകയുണ്ടായി. കേന്ദ്രനിയമവകുപ്പുമന്ത്രി ജന കൃഷ്ണമൂർത്തി ശ്രീ.പി.പരമേശ്വരന് സാംസ്കാരിക നവോദ്ധാനത്തിനുള്ള 1,23,456 രൂപയുടെ അമൃതകീർത്തി പുരസ്കാരം സമ്മാനിച്ചു.

വരുന്ന വർഷം അമ്മയുടെ അൻപതാം ജന്മദിനാഘോഷം അന്താരാഷ്ട്രതലത്തിൽ നൂറ്റമ്പതോളം രാജ്യങ്ങളിൽ നിന്നുള്ള ഭക്തജനങ്ങളുടെ പങ്കാളിത്തത്തോടെ നടത്താനുദ്ദേശിക്കുന്നുവെന്ന് സ്വാമി അമൃതസ്വരൂപാനന്ദ അറിയിച്ചു. ഭാരതസംസ്കാരത്തിനും പാരമ്പര്യകലകൾക്കും ഉന്നമനം നൽകാനുദ്ദേശിച്ചു കൊണ്ട് ഒരു ലക്ഷം യുവജനങ്ങൾ പങ്കെടുക്കുന്ന യുവജനമഹാസംഗമവും അതിനോടനുബന്ധിച്ച് സംഘടിപ്പിക്കുന്നതായിരിക്കും. ദേശവ്യാപകമായി ആയിരത്തിലേറെ നിയമജ്ഞന്മാരുൾപ്പെടുന്ന ഒരു സൗജന്യ നിയമസഹായവേദിയും അടുത്തവർഷം പ്രവർത്തനക്ഷമമാകുന്നതാണെന്ന് സ്വാമിജി വ്യക്തമാക്കി.

കേന്ദ്ര നഗരവികസന സഹമന്ത്രി ശ്രീ. ഓ. രാജഗോപാൽ അമ്മയുടെ ഉപദേശങ്ങളടങ്ങിയ പുതിയ പുസ്തകത്തിന്റെ ആദ്യ പ്രതി ശ്രീ.ശ്രീകുമാരൻ തമ്പിയ്ക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. മാതൃവാണി പ്രവർത്തകർക്കുള്ള സമ്മാനദാനവും ആയിരക്കണക്കിന് സാധുക്കളായ സ്ത്രീകൾക്കായുള്ള വസ്ത്രദാനവും ദർശനവേളയിൽ തന്നെ അമ്മ നിർവ്വഹിക്കുകയുണ്ടായി. ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കാനെത്തിയ ജനസഹസ്രങ്ങളാൽ അമൃതപുരി ആനന്ദസാഗരമായി മാറി.

*സ്വാമി അമൃതസ്വരൂപാനന്ദ – സത്സംഗം - രാവിലെ 730– 8.30 വരെ (സംഗ്രഹം)*

“ജന്മദിനം അമ്മയ്ക്ക് മക്കളെ സന്തോഷിപ്പിക്കാനുള്ള അവസരമാണ്. ശ്രീകൃഷ്ണന്റെ കണ്ണിൽ കുചേലനെ കണ്ടപ്പോൾ പൊടിഞ്ഞ നീർത്തുള്ളിയുടെ അർത്ഥമറിയാൻ അമ്മയുടെ അരികിലണഞ്ഞിട്ടുള്ള മക്കൾക്ക് ആർക്കും പ്രയാസമുണ്ടാകില്ല. അമ്മയെപ്പോലുള്ള മഹാത്മാക്കളെ മനുഷ്യദൈവങ്ങൾ എന്ന് അപഹാസ്യപൂർവം വിളിക്കുന്നവർ മനുഷ്യനിലെ ഈശ്വരീയ ഗുണങ്ങളെ തമസ്ക്കരിച്ച് രാക്ഷസീയതയെ ആരാധ്യമാക്കി മാറ്റുവാൻ കൂട്ടുനിൽക്കുകയാണ് ചെയ്യുന്നത്. ഈശ്വരദർശനം സരളതയിലൂടെ, ലാളിത്യത്തിലൂടെ, ബുദ്ധിയുടെ സൂക്ഷ്മതയിലൂടെ, പ്രപഞ്ചതാളവുമായി ഏകീഭവിക്കുന്നതിലുടെയാണ് നേടുവാൻ കഴിയുന്നത്. അല്ലാതെ ശരീരഘടനയ്ക്കും മനോനിലയ്ക്കും ഇണങ്ങാത്ത യോഗവും ധ്യാനവും പ്രാണായാമവും മറ്റും ഫാഷനായി കൊണ്ടു നടന്നതു കൊണ്ട് ജീവിതപ്രശ്നങ്ങളെ അതിജീവിക്കാൻ ആർക്കും ശക്തി കിട്ടുകയില്ല. മറിച്ച് ഹൃദയം തുറന്നുള്ള ഒറ്റ വിളി കൊണ്ട് മനസ്സിനെ ഈ നിമിഷത്തിൽ കൊണ്ടുവരാനും ഉള്ളിലെ ഈശ്വരനുമായി ഐക്യപ്പെടുത്താനും ആർക്കും കഴിയും. ഭക്തിയാണ് ശരിയായ ശക്തി. ചെയ്യേണ്ടത് ചെയ്യിക്കാതിരിക്കുകയും ചെയ്യിക്കേണ്ടാത്തത് ചെയ്യിക്കുകയും ചെയ്യുന്ന സ്വഭാവമാണ് മനസ്സിന്റേത്. ഉള്ളിലെ ഈശ്വരനെ മറയ്ക്കുന്ന വസ്ത്രമാണ് ഈ മനസ്സ്. നമ്മുടെ ഉള്ളിൽ അമ്മയുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനനുസരിച്ചാണ് നമ്മുടെ വളർച്ച. സംഭവിക്കുന്നത്. അതിന് മനസ്സിന്റെ നിശ്ശബ്ദതയാണ് ആദ്യമായി വേണ്ടത്. ഇന്നേ ദിവസം അതിനായി നമ്മൾ ഒരു പ്രതിജ്ഞ എടുക്കണം.